28
2022
ഫെബ്രുവരി
തിങ്കൾ
കുംഭം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 248 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-248 | പേജ് 4. വില 2.00 രൂപ




02 സംസ്ഥാനത്ത് 20.56 ലക്ഷം കുട്ടികൾക്ക് പോളിയോ മരുന്ന്

03 കേരളത്തിന്റെ പൊതുവിതരണ രംഗത്തെ രാജ്യം ശ്രദ്ധിക്കുന്നു: മുഖ്യമന്ത്രി

04 സംസ്ഥാനത്ത് 20.56 ലക്ഷം കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് നൽകി

# കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ്

## ബാറുകളിലും തിയറ്ററുകളിലും നൂറ് ശതമാനം പ്രവേശനം

തിരുവനന്തപുരം: കോവിഡ് വ്യാപനം കുറഞ്ഞ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജില്ല തിരിച്ചുള്ള കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കി. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറി മാർഗനിർദേശം പുറപ്പെടുവിച്ചു.

ഓരോ ജില്ലയിലേയും ആശുപത്രികളിൽ എത്തുന്ന കോവിഡ് രോഗികളുടെ എണ്ണം അടിസ്ഥാനമാക്കി ജില്ലകളെ വിവിധ വിഭാഗങ്ങളായി തിരിച്ച് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പിൻവലിച്ചത്. കൂടാതെ സിനിമാ തിയറ്ററുകളിൽ മുഴുവൻ സീറ്റിലും ആളുകളെ പ്രവേശിപ്പിക്കാം.

ബാറുകൾ, ക്ലബുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ 100 ശതമാനം സീറ്റിലും ആളുകളെ പ്രവേശിപ്പിക്കാം. സർക്കാർ, അർധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിൽ മീറ്റിംഗുകളും ട്രെയിനിംഗുകളും ഓഫ് ലൈനായി നടത്താം.

പൊതുപരിപാടികൾക്ക് 1500 ആളുകളെവരെ പങ്കെടുപ്പിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

# റഷ്യയുടെ നീക്കത്തെ അപലപിച്ച് യുഎസ്; റഷ്യൻ വിമാനങ്ങൾക്ക് വിലക്കുമായി ഇയു

വാഷിങ്ടൺ : ആണവായുധങ്ങൾ സജ്ജമാക്കാൻ നിർദേശം നൽകിയ റഷ്യയുടെ നീക്കത്തെ അപലപിച്ച് യുഎസ്. യുദ്ധം നീട്ടിക്കൊണ്ടു പോകാനാണ് റഷ്യയുടെ ശ്രമമെന്നു യുഎസ് അംബാസഡർ ലിൻഡ് തോമസ് ഗ്രീൻഫീൽഡ് അറിയിച്ചു.

'ഒരിക്കലും സ്വീകാര്യമല്ലാത്ത രീതിയിൽ യുദ്ധം നീട്ടിക്കൊണ്ടു പോകാനാണ് പ്രസിഡന്റ് പുട്ടിൻ ശ്രമിക്കുന്നത്. ഏറ്റവും ശക്തമായിത്തന്നെ പുട്ടിന്റെ പ്രവർത്തനങ്ങൾ തടയുന്നത് തുടരേണ്ടത് അത്യാവശ്യമാണ്.' ലിൻഡ് പറഞ്ഞു. റഷ്യ സമ്മർദതന്ത്രം പ്രയോഗിക്കുകയാണെന്ന് യുക്രെയ്നും പ്രതികരിച്ചു. അതിനിടെ റഷ്യൻ വിമാനങ്ങൾക്ക് യുറോപ്യൻ യൂണിയൻ വിലക്കേർപ്പെടുത്തി. റഷ്യൻ ഉടമസ്ഥതയിലുള്ളതും റഷ്യയിൽ റജിസ്റ്റർ ചെയ്തതും റഷ്യൻ നിയന്ത്രണത്തിലുള്ളതുമായ എല്ലാ എയർക്രാഫ്റ്റുകൾക്കും നിരോധനം ഏർപ്പെടുത്തുന്നതായി യുറോപ്യൻ യൂണിയൻ അറിയിച്ചു. റഷ്യൻ മാധ്യമങ്ങൾക്കും ഇയു രാജ്യങ്ങളിൽ വിലക്കേർപ്പെടുത്തും.

# ആണവ പ്രതിരോധസേനയോട് സജ്ജമാകാൻ നിർദേശം നൽകി പുടിൻ

മോസ്കോ: ആണവ ഭീഷണിയുമായി റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻ. ആണവ പ്രതിരോധസേനയോട് സജ്ജമാകാൻ പുടിൻ നിർദേശം നൽകി. റഷ്യയ്ക്കെതിരെ നാറ്റോ പ്രകോപനപരമായ പ്രസ്താവനകൾ പുറത്തിറക്കുന്നെന്നും പുടിൻ അഭിപ്രായപ്പെട്ടു.

ആണവ പ്രതിരോധ സേനയെ സ്പെഷൽ ഡ്യൂട്ടിയിൽ ഉൾപ്പെടുത്താൻ പ്രതിരോധ മന്ത്രിക്കും സൈനിക മേധാവിക്കും പുട്ടിൻ നിർദേശം നൽകിയെന്നാണ് വിവരം. യുക്രെയ്ൻ അധിനിവേശത്തെ തുടർന്ന് റഷ്യയ്ക്കു മേൽ പാശ്ചാത്യ രാജ്യങ്ങൾ ഉപരോധം കടുപ്പിക്കുന്നതും നാറ്റോ സഖ്യം യുക്രെയ്നെ സഹായിക്കാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പുമാണ് ഇത്തരത്തിൽ ഒരു ഉത്തരവിനു പിന്നിലെന്നാണ് റിപ്പോർട്ട്

# റഷ്യയുമായി ഷ്യയുമായി സമാധാന ചർച്ചകൾക്കു തുടക്കമിട്ട് യുക്രെയ്ൻ

കീവ്: യുക്രെയ്ൻറഷ്യ യുദ്ധത്തിനിടെ ആശ്വാസ വാർത്ത. ഇരു രാജ്യങ്ങളും തമ്മിൽ ചർച്ചയ്ക്ക് വഴിയൊരുങ്ങി. ബലാറൂസിൽ വച്ച് ചർച്ച നടത്താമെന്ന് യുക്രെയ്നും അറിയിച്ചു.

നേരത്തെ ബലാറൂസിൽവച്ച് ചർച്ചയ്ക്ക് തയാറാണെന്ന് റഷ്യ അറിയിച്ചിരുന്നു. ഇതിനുപിന്നാലെ ബലാറൂസിൽവച്ച് ചർച്ചയ്ക്ക് തയാറല്ലെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി പറഞ്ഞിരുന്നു. ഇത് വലിയ ആശങ്കയ്ക്കാണ് ഇടയാക്കിയത്. പിന്നീട് ബലാറൂസ് പ്രസിഡൻറുമായി സെലൻസ്കി ചർച്ച നടത്തിയ ശേഷമാണ് റഷ്യയുമായി ചർച്ചയ്ക്ക് തയറാണെന്ന് അറിയിച്ചത്.

റഷ്യൻ പ്രതിനിധി സംഘം ചർച്ചയ്ക്കായി ബലാറൂസിൽ തയാറാണ്. യുക്രെയ്ൻ പ്രതിനിധി സംഘവും ബലാറൂസിലേക്ക് പുറപ്പെട്ടതായയാണ് റിപ്പോർട്ട്.

ഇതിനിടെ റഷ്യക്കെതിരെ അന്താരാഷ്ട്ര നീതിന്യായ കോടതിയെ യുക്രെയ്ൻ സമീപിച്ചു. റഷ്യയോട് ഉടൻ സൈനിക നടപടി നിർത്തിവയ്ക്കാൻ ആവശ്യപ്പെടണമെന്ന് യുക്രെയ്ൻ ആവശ്യപ്പെട്ടു. സാധാരണക്കാരെ കൊന്നൊടുക്കുന്നതിന് റഷ്യയെ വിചാരണ ചെയ്യണമെന്നും കോടതിയോട് യുക്രെയ്ൻ ആവശ്യപ്പെട്ടു.

ഷ്യയുമായി സമാധാന ചർച്ചകൾക്കു തുടക്കമിട്ട് യുക്രെയ്ൻ. ബെലറൂസിലാണ് ചർച്ച നടക്കുന്നത്. ഉപാധികളില്ലാത്ത ചർച്ചകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കിയ യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി, ചർച്ചയിൽ പ്രതീക്ഷയില്ലെന്നും അറിയിച്ചു. യുക്രെയ്ൻ മന്ത്രിസഭയുടെ ഉപദേശകനാണ് ചർച്ചകൾ തുടങ്ങിയെന്ന വാർത്ത ആദ്യമായി സ്ഥിരീകരിച്ചത്. എന്നാൽ പിന്നീട് റഷ്യൻ നിർദേശത്തിന് വഴങ്ങുകയായായിരുന്നു.



# യുക്രൈനിൽ നിന്ന് 82 മലയാളി വിദ്യാർഥികൾ നാട്ടിലെത്തി, തലസ്ഥാനത്ത് എത്തിയത് 25 പേർ

യുദ്ധം ആരംഭിച്ച ശേഷം യുക്രൈനിൽ കുടുങ്ങിയ 82 വിദ്യാർഥികൾ ഞായറാഴ്ച കേരളത്തിലെത്തി.

ഡൽഹി വഴി 56 പേരും മുംബയ് വഴി 26 പേരുമാണ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിൽ എത്തിയത്. കൊച്ചിയിലെത്തിയ ആദ്യ സംഘത്തിൽ പതിനൊന്നു പേരാണ് ഉൾപ്പെട്ടിരുന്നത്.

തിരുവനന്തപുരത്ത് വൈകുന്നേരം ആറരയോടെ 19 പേരും രാത്രി എട്ടരയോടെ ആറു പേരും വിമാനമിറങ്ങി.

നെടുമ്പാശ്ശേരിയിൽ മന്ത്രി പി രാജീവും തിരുവനന്തപുരത്ത് മന്ത്രിമാരായ വി ശിവൻകുട്ടി, ആന്റണി രാജു, ജി ആർ അനിൽ, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ പി ശ്രീരാമകൃഷ്ണൻ എന്നിവരും വിദ്യാർഥികളെ സ്വീകരിച്ചു.

തിരികെയെത്തുന്ന വിദ്യാർഥികൾക്ക് യാത്രാ സൗകര്യം ഉൾപ്പടെ ഒരുക്കിയിട്ടുണ്ടെന്നും യുക്രൈനിൽ നിന്ന് എല്ലാ വിദ്യാർഥികളെയും നാട്ടികളെത്തിക്കാൻ വേണ്ട ആശയവിനിമയം കേന്ദ്രസർക്കാരുമായി സംസ്ഥാനം നടത്തി വരികയാണെന്നും മന്ത്രി ശിവൻ കുട്ടി അറിയിച്ചു.

25 മലയാളി വിദ്യാർഥികളാണ് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയത്.

ഡൽഹിയിലും മുംബയിലും എത്തിയ വിദ്യാർഥികളാണ് ചെന്നൈ വഴിയും ഹൈദരാബാദ് വഴിയും തലസ്ഥാനത്തെത്തിയത്. ഡൽഹിയിൽ നിന്നും ചെന്നൈ വഴി എത്തിയ ഇൻഡിഗോ വിമാനത്തിൽ 8 വിദ്യാർഥികളും മുംബയിൽ നിന്നും 11 പേരും രണ്ടാമത്തെ വിമാനത്തിൽ ആറുപേരുമാണ് ഉൾപ്പെട്ടിരുന്നത്.

തലസ്ഥാനത്ത് വിമാനമിറങ്ങിയവരിൽ രണ്ടു പേർ ഒഴികെയുള്ളവർ തിരുവനന്തപുരം ജില്ലക്കാരാണ്.

കേന്ദ്രസംസ്ഥാന സർക്കാരുകൾ സുരക്ഷിതമായി തങ്ങളെ നാട്ടിലെത്തിച്ചുവെന്നും കുറേ വിദ്യാർഥികൾ ഇനിയും പടിഞ്ഞാറൻ മേഖലയിൽ കുടുങ്ങിക്കിടക്കുകയാണന്നും വിദ്യാർഥികൾ പറഞ്ഞു.

പന്ത്രണ്ട് മണിക്കൂറിലേറെ തങ്ങിയാണ് യുക്രൈനിൽ നിന്നും തങ്ങൾ വിമാനം കയറിയത്. ആദ്യ സംഘത്തിലുള്ള ആളുകളായതിനാൽ സുരക്ഷിതമായി എത്തി. തിരിച്ചെത്തിയതിൽ ആശ്വാസമുണ്ടെന്നും എന്നാൽ എല്ലാവരും നാട്ടിലെത്തിയെന്നറിഞ്ഞാൽ മാത്രമേ സന്തോഷിക്കാനാകൂവെന്നും വിദ്യാർഥികൾ പറഞ്ഞു.


രക്ഷിതാക്കളും ബന്ധുക്കളും ഉൾപ്പടെ വൻ ജനാവലിയാണ് വിദ്യാർഥികളെ സ്വീകരിക്കാൻ വിമാനത്താവളങ്ങളിൽ എത്തിയിരുന്നത്.

ഇന്നലെ രാത്രി മുംബയിൽ എത്തിയ വിദ്യാർഥികളെ നോർക്കയുടെ മേൽനോട്ടത്തിലായിരുന്നു നാട്ടിലെത്തിച്ചത്.

ഡൽഹി, മുംബയ് തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിലെത്തിയ വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ കേരളത്തിലേക്കുള്ള വിമാന ടിക്കറ്റുകൾ നൽകിയിരുന്നു.



# സംസ്ഥാനത്ത് ഇന്ന് 2,524 പേർക്ക് കോവിഡ്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 2,524 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 393, തിരുവനന്തപുരം 356, കോട്ടയം 241, കോഴിക്കോട് 220, കൊല്ലം 215, തൃശൂർ 205, ഇടുക്കി 160, പത്തനംതിട്ട 142, ആലപ്പുഴ 137, കണ്ണൂർ 121, മലപ്പുറം 113, വയനാട് 101, പാലക്കാട് 96, കാസർഗോഡ് 24 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 34,680 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,05,780 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,03,592 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 2,188 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 258 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 29,943 കോവിഡ് കേസുകളിൽ, 7.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ മൂന്ന് മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 13 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 46 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 65,223 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ എട്ട് പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 2,387 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 107 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 22 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 5,499 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 961, കൊല്ലം 253, പത്തനംതിട്ട 277, ആലപ്പുഴ 283, കോട്ടയം 379, ഇടുക്കി 425, എറണാകുളം 881, തൃശൂർ 522, പാലക്കാട് 296, മലപ്പുറം 330, കോഴിക്കോട് 423, വയനാട് 287, കണ്ണൂർ 106, കാസർഗോഡ് 76 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 29,943 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 64,01,236 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്: സംയുക്ത പരിശോധന പൂർത്തിയായി

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായുള്ള ഏകദിന പരിശോധന പൂർത്തീകരിച്ചതായി ഫിഷറീസ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. സംസ്ഥാന സർക്കാർ മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം നടത്തുന്നത് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. മൂന്ന് വർഷം കൂടുമ്പോൾ ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നിവർ സംയുക്തമായി ഏകദിന പരിശോധന നടത്തിയാണ് പെർമിറ്റിന് അർഹരായവരെ കണ്ടെത്തുന്നത്. 2015 ലാണ് മണ്ണെണ്ണ പെർമിറ്റിനായുള്ള പരിശോധന അവസാനമായി നടന്നത്. കോവിഡിന്റെ സാഹചര്യത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നടത്താൻ സാധിക്കാതെയിരുന്ന സംയുക്ത പരിശോധനയാണ് ഞായറാഴ്ച പൂർത്തിയാക്കിയത്.

ഒൻപത് തീരദേശ ജില്ലകളിലെ 196 കേന്ദ്രങ്ങളിലായി 14485 എഞ്ചിനുകളുടെ പരിശോധനയാണ് നടന്നത്. പ്രാഥമിക കണക്കെടുപ്പ് പ്രകാരം പതിനാലായിരത്തിലധികം എഞ്ചിനുകൾ മണ്ണെണ്ണ പെർമിറ്റിനു അർഹരാണെന്ന് കണ്ടെത്തിയതായും മന്ത്രി അറിയിച്ചു. ഫിഷിംഗ് ലൈസൻസ് ഉള്ളതും ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് രജിസ്ട്രേഷൻ നടത്തിയതുമായ യാനങ്ങൾക്ക് മാത്രമാണ് പെർമിറ്റ് അനുവദിക്കുന്നത്. 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എഞ്ചിനുകൾ പരിഗണിക്കപ്പെട്ടില്ല. സംയുക്ത പരിശോധന സുഗമമായി പൂർത്തിയാക്കിയ ഫിഷറീസ്, മത്സ്യഫെഡ്, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരെയും പിന്തുണയേകിയ വിവിധ മത്സ്യത്തൊഴിലാളി സംഘടനകളെയും മത്സ്യത്തൊഴിലാളി സമൂഹത്തെയും അദ്ദേഹം അഭിനന്ദിച്ചു.

മത്സ്യബന്ധനത്തിന് ഇന്ധന ലഭ്യതക്കുറവും അടിക്കടിയുള്ള ഇന്ധന വില വർദ്ധനവും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിടുന്ന അവസ്ഥയാണുള്ളത്. തീരദേശത്തിന്റെ പ്രത്യേകാവസ്ഥയും പരമ്പരാഗത തൊഴിൽ എന്ന നിലയിൽ കണ്ടും മത്സ്യബന്ധനത്തിന് ആവശ്യമായ അത്രയും അളവ് മണ്ണെണ്ണ അനുവദിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. മണ്ണെണ്ണ വിതരണത്തിന് മത്സ്യഫെഡിന് മൊത്ത വിതരണ ലൈസൻസ് അനുവദിക്കുന്നതിന് ഇതുവരെ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്രവുമായി തുടർ ചർച്ചകൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.



# യുക്രെയിനിൽ നിന്നുള്ള ആദ്യ മലയാളിസംഘം കൊച്ചിയിലെത്തി

കൊച്ചി: യുക്രെയിനിൽ നിന്നുള്ള ആദ്യമലയാളി സംഘം കൊച്ചിയിലെത്തി. മുംബൈയിൽ നിന്നുള്ള വിമാനത്തിൽ 11 വിദ്യാർഥികളാണ് എത്തിയത്. ശനിയാഴ്ചയാണ് ഇവർ മുംബൈയിലെത്തിയത്.

മുംബൈയിൽ എത്തിയത് മുതലുള്ള ചെലവുകൾ സർക്കാർ വഹിച്ചുവെന്ന് വിദ്യാർഥികൾ പറഞ്ഞു. റൊമേനിയൻ അതിർത്തിയിൽ ഇനിയും നിരവധി വിദ്യാർഥികൾ കുടുങ്ങി കിടക്കുന്നുണ്ടെന്നും അവരെയും രക്ഷിക്കണമെന്നും ഇവർ പറഞ്ഞു.

അതേസമയം, രാജ്യത്ത് എത്തിയ മൂന്ന് വിമാനങ്ങളിലായി 82 മലയാളികൾ തിരിച്ചെത്തിയിട്ടുണ്ട്.

## കോവിഡ് അനാഥമാക്കിയത് 19 ലക്ഷം കുഞ്ഞുങ്ങളെ

ന്യൂഡൽഹി: രാജ്യത്ത് 19 ലക്ഷത്തിൽ അധികം കുട്ടികൾ കോവിഡ് കാരണം അനാഥരായെന്ന് കണ്ടെത്തൽ. ലോകത്ത് 20 രാജ്യങ്ങളിലായി നടത്തിയ പഠനത്തിൽ 52 ലക്ഷത്തിൽ അധികം കുട്ടികൾ കോവിഡ് കാരണം അനാഥരായതായി കണ്ടെത്തി.

പ്രധാനമായും 10 മുതൽ 17 വയസ് വരെ പ്രായമുള്ള കൗമാരക്കാരായ കുട്ടികൾക്കാണ് കോവിഡ് മഹാമാരിയിൽ മാതാപിതാക്കളെ നഷ്ടപെട്ടതെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ജീവൻ നഷ്ടപെട്ട രക്ഷിതാക്കളിൽ അധികവും പുരുഷൻമാരാണ്. വെറും രണ്ടു വർഷം കൊണ്ടാണ് 50 ലക്ഷത്തിൽ അധികം കുട്ടികൾ അനാഥരായത്.

എയിഡ്സ് പോലെയുള്ള രോഗങ്ങൾ ബാധിച്ച് പോലും ഇത്രയധികം കുട്ടികൾ അനാഥരായത് പത്തു വർഷങ്ങൾ കൊണ്ടാണെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. യൂണിവേഴ്സിറ്റി കോളേജ് ഓഫ് നേതൃത്വത്തിൽ നടന്ന പഠനത്തിൽ നിന്നുമാണ് കണ്ടെത്തൽ.

കഴിഞ്ഞ 20 മാസങ്ങൾക്ക് ഉള്ളിൽ 1,917,100 കുട്ടികൾക്ക് കോവിഡ് ബാധിച്ച് മാതാപിതാക്കളെ നഷ്ടപെട്ടിട്ടുണ്ട്. ഇതിൽ 421,800 പേർ സ്ത്രീകളും 1,495,300 പേർ പുരുഷൻമാരുമാണ്. ദേശീയ ബാലാവകാശ കമ്മിഷൻ നൽകുന്ന വിവരങ്ങൾ അനുസരിച്ച് 2020 ഏപ്രിൽ മുതൽ 147,492 കുട്ടികളാണ് കോവിഡ് കാരണം അനാഥരായത്.

എന്നാൽ കോവിഡ് ബാധിച്ച് അനാഥരായ കുട്ടികളുടെ യഥാർഥ കണക്കകൾ ഇതിലും അധികമാണെന്നാണ് രാജ്യത്തെ ബാലാവകാശ പ്രവർത്തകരുടെ അഭിപ്രായം.

## റഷ്യക്കെതിരെ ന്യൂസിലൻഡും; റഷ്യൻ സ്ഥാനപതിയെ പുറത്താക്കിയേക്കും

വെല്ലിംഗ്ടൺ: യുക്രെയ്നിൽ റഷ്യ ആക്രമണ പരമ്പര നടത്തുന്ന പശ്ചാത്തലത്തിൽ കടുത്ത നടപടിയുമായി ന്യൂസിലൻഡും. റഷ്യൻ സ്ഥാനപതിയെ രാജ്യത്ത് നിന്ന് പുറത്താക്കുന്നത് പരിഗണിക്കുകയാണെന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി ജസീന്ദ ആർഡൻ പറഞ്ഞു.

റഷ്യൻ അധികൃതർക്ക് ന്യൂസിലൻഡ് യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. റഷ്യൻ സൈന്യത്തിനായുള്ള ചരക്ക് കയറ്റുമതിയും നിരോധിച്ചു. റഷ്യയുമായുള്ള എല്ലാ ചർച്ചകളും നിർത്തിവച്ചതായും ന്യൂസിലൻഡ്. യുക്രെയ്ൻ പ്രതിസന്ധി ചർച്ചയിലൂടെ പരിഹരിക്കണമെന്ന് പ്രധാനമന്ത്രി ജസീന്ദ ആർഡൻ ആവശ്യപ്പെട്ടു. ന്യൂസിലൻഡിൽ റഷ്യൻ സ്ഥാനപതിയെ വിളിച്ചുവരുത്തി സർക്കാർ പ്രതിഷേധം അറിയിച്ചു.

## സർക്കാർ മേഖലയിൽ സംസ്ഥാനത്തെ ആദ്യ സ്പൈനൽ മസ്കുലാർ അട്രോഫി ക്ലിനിക് എസ്എടിയിൽ

തിരുവനന്തപുരം: സർക്കാർ മേഖലയിൽ സംസ്ഥാനത്ത് ആദ്യമായി ആരംഭിക്കുന്ന സ്പൈനൽ മസ്കുലാർ അട്രോഫി ക്ലിനിക് (എസ്എംഎ) എസ്എടി ആശുപത്രിയിൽ. സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ രോഗം ബാധിച്ച് തളർച്ചയും ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുമായി കഷ്ടപ്പെടുന്ന കുട്ടികളുടെ ചികിത്സയ്ക്കായാണ് പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പുതിയ ക്ലിനിക്ക് ആരംഭിക്കുന്നത്. ഇത്തരം രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കൊപ്പം കുട്ടികളുടെയും മാതാപിതാക്കളുടെയും ജനിതക പരിശോധനയിലൂടെയും കൗൺസലിങ്ങിലൂടെയും തുടർന്ന് ജനിക്കാൻ പോകുന്ന കുട്ടിയ്ക്ക് ഈ രോഗം വരുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ക്ലിനിക്ക് ലക്ഷ്യമിടുന്നു.

ക്ലിനിക്കിൽ പീഡിയാട്രിക് ന്യൂറോളജി, പീഡിയാട്രിക്സ്, ജെനറ്റിക്സ്, റെസ്പിറേറ്ററി മെഡിസിൻ, ഫിസിക്കൽ ആന്റ് റീഹാബിലിറ്റേറ്റീവ് മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളിലെ വിദഗ്ധരുടെ സേവനവും ലഭ്യമായിരിക്കും. തിങ്കളാഴ്ച രാവിലെ 10.30 ന് പീഡിയാട്രിക് ഡിപ്പാർട്ട്മെന്റിൽ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്യും.

# ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നമുള്ളവർ ചികിത്സ തേടണമെന്ന് ആരോഗ്യമന്ത്രി



## ആരോഗ്യവകുപ്പിന്റെ ജാഗ്രതാ നിർദേശം

കാലാവസ്ഥാ വ്യതിയാനം കാരണം അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നമുള്ളവർ ചികിത്സ തേടണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ചൂടുകാലത്ത് കരുതലോടെ നേരിടാൻ എല്ലാ ജില്ലകൾക്കും ജാഗ്രതാ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. സൂര്യാതപവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾ യഥാസമയം കണ്ടെത്തി ശരിയായ ചികിത്സ ഉറപ്പുവരുത്തുന്നതിനു ആരോഗ്യ സംവിധാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. ധരിച്ചിരിക്കുന്ന കട്ടി കൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യണം. തണുത്ത വെള്ളം കൊണ്ട് ശരീരം തുടയ്ക്കാനും, ഫാൻ, എ.സി. എന്നിവയുടെ സഹായത്താൽ ശരീരം തണുപ്പിക്കാനും ശ്രദ്ധിക്കണം. ആരോഗ്യ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തണമെന്നും മന്ത്രി നിദേശിച്ചു. പ്രായമായവർ, ചെറിയ കുട്ടികൾ, ഗർഭിണികൾ, ഗുരുതര രോഗം ഉള്ളവർ, വെയിലത്ത് ജോലി ചെയ്യുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ആരോഗ്യ മന്ത്രി പറഞ്ഞു.

**സൂര്യാഘാതം**

അന്തരീക്ഷ താപം ഒരു പരിധിക്കപ്പുറം ഉയർന്നാൽ മനുഷ്യ ശരീരത്തിലെ താപ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാവുകയും ശരീരത്തിലുണ്ടാവുന്ന താപം പുറത്തേക്ക് കളയുന്നതിന് തടസം നേരിടുകയും ചെയ്യുന്നു. തുടർന്ന് ശരീരത്തിന്റെ പല നിർണായക പ്രവർത്തനങ്ങളും തകരാറിലായേക്കാം. ഇത്തരം ഒരവസ്ഥയാണ് സൂര്യാഘാതം.

**ലക്ഷണങ്ങൾ**

വളരെ ഉയർന്ന ശരീരതാപം, വറ്റി വരണ്ട ചുവന്ന ചൂടായ ശരീരം, ശക്തമായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും ഇതേ തുടർന്നുള്ള അബോധാവസ്ഥയും സൂര്യാഘാതം മൂലം ഉണ്ടായേക്കാം. ഉടൻ തന്നെ ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

**സൂര്യാതപമേറ്റുള്ള താപ ശരീരശോഷണം**

സൂര്യാഘാതത്തേക്കാൾ കുറച്ചു കൂടി കാഠിന്യം കുറഞ്ഞ അവസ്ഥയാണ് താപ ശരീര ശോഷണം. കനത്ത ചൂടിനെ തുടർന്ന് ശരീരത്തിൽ നിന്ന് ധാരാളം ജലവും ലവണങ്ങളും വിയർപ്പിലൂടെ നഷ്ടപ്പെടുന്നതിനെ തുടർന്ന് ഉണ്ടാകുന്ന അവസ്ഥയാണ് ഇത്.

**ലക്ഷണങ്ങൾ**

ക്ഷീണം, തലകറക്കം, തലവേദന, പേശിവലിവ്, ഓക്കാനവും ഛർദ്ദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് തീരെ കുറയുകയും കടും മഞ്ഞ നിറമാകുകയും ചെയ്യുക, ബോധക്ഷയം എന്നിവയാണ് സൂര്യാതപത്തിന്റെ ലക്ഷണങ്ങൾ. ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ താപശരീര ശോഷണം സൂര്യാഘാതത്തിന്റെ അവസ്ഥയിലേക്ക് മാറിയേക്കാം.

സൂര്യാഘാതം, താപ ശരീരശോഷണം എന്നിവ ഉണ്ടാകുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ

സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ വെയിലുള്ള സ്ഥലത്ത് നിന്ന് തണുത്ത സ്ഥലത്തേക്ക് മാറി വിശ്രമിക്കണം. ധരിച്ചിരിക്കുന്ന കട്ടി കൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക. തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുക, ഫാൻ, എ.സി. എന്നിവയുടെ സഹായത്താൽ ശരീരം തണുപ്പിക്കുക. ഫലങ്ങളും സാലഡുകളും കഴിക്കുക. ധാരാളം പാനീയങ്ങൾ കുടിക്കാൻ നൽകണം. ആരോഗ്യ സ്ഥിതി മെച്ചപ്പെടുന്നില്ലെങ്കിലോ, ബോധക്ഷയം ഉണ്ടാകുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുക.

പ്രതിരോധ മാർഗങ്ങൾ

വേനൽക്കാലത്ത് പ്രത്യേകിച്ച് ചൂടിന് കാഠിന്യം കൂടുമ്പോൾ ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കുക. വെയിലത്ത് ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ ഉച്ചക്ക് 12 മണി മുതൽ 3 മണിവരെയുള്ള സമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കുക. കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കാതിരിക്കുക. കാറ്റ് കടന്ന് ചൂട് പുറത്ത് പോകത്തക്ക രീതിയിൽ വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക. കട്ടി കുറഞ്ഞതും വെളുത്തതോ, ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക. വെയിലത്ത് പാർക്ക് ചെയ്യുന്ന കാറിലും മറ്റും കുട്ടികളെ ഇരുത്തിയിട്ട് പോകാതിരിക്കുക.

**സൂര്യാതപം കൊണ്ടുള്ള മറ്റ് ചില പ്രശ്നങ്ങൾ**

കൂടുതൽ സമയം വെയിലത്ത് ജോലി ചെയ്യുന്നവരിൽ നേരിട്ട് വെയിൽ ഏൽക്കുന്ന ശരീരഭാഗങ്ങൾ സൂര്യാതപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലും ഉണ്ടാകുകയും ചെയ്യാം. ഇവർ ഡോക്ടറെ കണ്ട് ഉടനടി ചികിത്സ തേടേണ്ടതാണ്. പൊള്ളിയ കുമിളകൾ ഉണ്ടെങ്കിൽ പൊട്ടിക്കരുത്. അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ ശരീരം കൂടതലായി വിയർക്കുകയും ജലവും ലവണങ്ങളും നഷ്ടപ്പെട്ട് പേശി വലിവ് അനുഭവപ്പെടുകയും ചെയ്യും. ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം തുടങ്ങിയവ ധാരാളമായി കുടിച്ച് വിശ്രമിക്കുകയും ആരോഗ്യ സ്ഥിതി മെച്ചപ്പെട്ടില്ലെങ്കിൽ അടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടേണ്ടതുമാണ്.

ചൂടുകാലത്ത് കൂടുതലായി ഉണ്ടാകുന്ന വിയർപ്പിനെ തുടർന്ന് ശരീരം ചൊറിഞ്ഞ് തിണർക്കുന്ന ഹീറ്റ് റാഷ് എന്ന അവസ്ഥ ഉണ്ടാകാനും സാധ്യതയുണ്ട്. കുട്ടികളെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. ഇങ്ങനെയുള്ളവർ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം.

## മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു

യുക്രൈനിൽ കുടുങ്ങിയ മലയാളികളടക്കമുള്ള ഇന്ത്യക്കാരെ രക്ഷപ്പെടുത്തുന്നതിനും അടിയന്തര സഹായങ്ങൾ നൽകുന്നതിനും നടപടികൾ കൈക്കൊള്ളാൻ അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചു.

കീവ്, കർക്കേവ്, സുമി എന്നീ പ്രദേശങ്ങളിൽ ബങ്കറിൽ കുടുങ്ങിക്കിടക്കുന്നവർക്കു വെള്ളവും ഭക്ഷണവും എത്തിക്കണമെന്നും ഒഴിപ്പിക്കൽ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പ്രധാന മന്ത്രിയോട് ആവശ്യപ്പെട്ടു. രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇതുവരെ ഉണ്ടായ എല്ലാ സഹായങ്ങൾക്കും കത്തിൽ മുഖ്യമന്ത്രി നന്ദി രേഖപ്പെടുത്തി.

## തേക്ക് തടി വിൽപന

കൊല്ലം : ഗാർഹിക ആവശ്യങ്ങൾക്കുള്ള തേക്ക് തടിയുടെ ചില്ലറ വിൽപന കുളത്തൂപ്പുഴ, തെ ല, ആര്യങ്കാവ് സർക്കാർ തടി ഡിപ്പോകളിൽ മാർച്ച് 14 മുതൽ. ഒരാൾക്ക് പരമാവധി അഞ്ച് ക്യുബിക് മീറ്റർ ലഭ്യമാകും. വീട് നിർമ്മിക്കുന്നതിനുള്ള അംഗീകൃത പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പ് തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവ ഹാജരാക്കണം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ പത്ത് മുതൽ അഞ്ചുവരെ വിൽപ്പന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ0471 2529143.

# യുക്രൈൻ രക്ഷാദൗത്യം; മുഖ്യമന്ത്രി വിദേശകാര്യ മന്ത്രിയുമായി ചർച്ച നടത്തി

യുക്രൈൻ യുദ്ധഭൂമിയിൽ കുടുങ്ങിയ മലയാളികളടക്കമുള്ള ഇന്ത്യക്കാരുടെ രക്ഷാദൗത്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി ചർച്ച നടത്തി.

യുക്രൈനിൽ കുടുങ്ങിയ മലയാളികളിൽ നിന്ന് നിരവധി ദുരിത സന്ദേശങ്ങൾ ലഭിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

യുക്രൈനിന്റെ കിഴക്കു പ്രദേശങ്ങളായ കിയെവ്, ഖാർകിവ്, സുമി തുടങ്ങിയ ഇടങ്ങളിലെ ബങ്കറുകളിൽ അഭയം പ്രാപിച്ചവർക്ക് വെള്ളവും ഭക്ഷണവും അടിയന്തിരമായി എത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രക്ഷാദൗത്യത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുമെന്നും അതുവരെ ഇവർക്കായുള്ള എല്ലാ സഹായങ്ങളും കേന്ദ്രസർക്കാർ നൽകുമെന്നും മന്ത്രി ഉറപ്പുനൽകി.

കൊടും തണുപ്പിൽ നടന്ന് പോളണ്ടിൽ എത്തിയ വിദ്യാർത്ഥികളെ അതിർത്തി കടക്കാൻ യുക്രൈനിലെ ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ലെന്നും ഇവർക്കെതിരെ പട്ടാളത്തെ ഉപയോഗിക്കുന്നുണ്ടെന്നുമുള്ള പരാതിയും മുഖ്യമന്ത്രി പങ്കുവെച്ചു.

ഇത് പരിഹരിക്കാൻ യുക്രൈൻ ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥരെ എത്രയും പെട്ടെന്ന് അതിർത്തിയിലേക്ക് അയക്കണമെന്നും ആവശ്യപ്പെട്ടു. അതിർത്തിയിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അതിനു സാധിക്കുമെന്ന് വിദേശകാര്യ മന്ത്രി ഉറപ്പ് നൽകി.

റഷ്യ വഴിയുള്ള രക്ഷാദൗത്യം സാധ്യമാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ഇതിനായുള്ള എല്ലാ ശ്രമങ്ങളും നടത്തിവരുകയാണെന്ന് മന്ത്രി അറിയിച്ചു.

ഇതുവരെയുള്ള രക്ഷാപ്രവർത്തനങ്ങൾ വിജയകരമായി നിർവഹിച്ച വിദേശകാര്യ മന്ത്രാലയത്തോടുള്ള നന്ദി മുഖ്യമന്ത്രി അറിയിച്ചു.

# യുക്രൈനിൽ നിന്നും വരുന്നവർക്ക് ഗ്രീൻ ചാനൽ വഴി ചികിത്സ ഉറപ്പാക്കും: മന്ത്രി വീണാ ജോർജ്

## എയർപോർട്ടുകളിൽ ആരോഗ്യ വകുപ്പിന്റെ ഹെൽത്ത് ഡെസ്ക്

യുക്രൈനിൽ നിന്നും വരുന്നവർക്ക് ഗ്രീൻ ചാനൽ വഴി ആരോഗ്യ വകുപ്പിന്റെ ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും നിർദേശം നൽകിയിട്ടുണ്ട്. യുദ്ധ സാഹചര്യത്തിൽ നിന്നും വരുന്നവർക്കുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക ടീമിനെ സജ്ജമാക്കും. ആവശ്യമെങ്കിൽ ഇവർക്ക് മെഡിക്കൽ കോളേജുകൾ വഴിയും പ്രധാന സർക്കാർ ആശുപത്രികൾ വഴിയും വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ നാല് ഇന്റർനാഷണൽ എയർപോർട്ടുകളിലും ഡൊമസ്റ്റിക് എയർപോർട്ടുകളിലും ഇവരുടെ ആരോഗ്യ സ്ഥിതി നിരീക്ഷിക്കാൻ സംവിധാനമേർപ്പെടുത്തും. ഇതിനായി എയർപോർട്ടുകളിൽ ഹെൽത്ത് ഡെസ്കുകൾ സ്ഥാപിച്ചു വരുന്നു. ഇവിടെ വിദഗ്ധ ഡോക്ടർമാരുടെ സേവനമൊരുക്കും. തുടർ ചികിത്സ ആവശ്യമായവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# മഹാമാരിക്കാലത്ത് സപ്ലൈകോ കേരള ജനതയ്ക്ക് അത്താണിയായി മുഖ്യമന്ത്രി

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിന പരിപാടിയുടെ ഭാഗമായി ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയതും നവീകരിച്ചതുമായ 25 സപ്ലൈകോ വിൽപ്പനശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി ബസ് ടെർമ്മിനലിനടുത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പുതുതായതി ആരംഭിച്ച സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നേരിട്ടെത്തി നിർവ്വഹിക്കുകയായിരുന്നു.

കോവി!ഡ് മഹാമാരിക്കാലത്ത് സപ്ലൈകോ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മികച്ച പ്രവർത്തനമാണ് കാഴ്ച്ച വച്ചതെന്നും, 13 നിത്യോപയോഗ സാധനങ്ങൾ 2016 ലെ വിലയ്ക്കുതന്നെ ഇപ്പോഴും വില വർദ്ധിപ്പിക്കാതെ വിതരണം തുടരുന്നത് സാധാരണ ജനങ്ങൾക്ക് വലിയ ആശ്വാസമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സുഭിക്ഷാ ഹോട്ടലുകൾ വഴി കുറഞ്ഞവിലയ്ക്ക് ഉച്ച ഭക്ഷണമെത്തിക്കുന്ന സുഭിക്ഷ കേരളം പദ്ധതിയെയും മുഖ്യമന്ത്രി പ്രകീർത്തിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പുതുതായി ആരംഭിക്കുന്നതും നവീകരിച്ചതുമായ മറ്റ് 24 സപ്ലൈകോ മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ് എന്നിവയുടെ ഉദ്ഘാടനം ഇതിനോടൊപ്പം മുഖ്യമന്ത്രി വെർച്ച്വലായി നിർവ്വഹിച്ചു.

തദവസരത്തിൽ ആദ്യ വിൽപ്പന ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർ!വ്വഹിച്ചു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയായിരുന്നു.

തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, ഡപ്യൂട്ടി മേയർ പി. കെ. രാജു, സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ, കെ.എസ്.ആർ.ടി.സി ചെയർമാൻ ബിജു പ്രഭാകർ, സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സഞ്ചീബ് പഡ്ജോഷി, ജനറൽ മാനേജർ സലീം കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ 25 മാവേലി വിൽപ്പനശാലകളാണ് പ്രവർത്തനമാരംഭിച്ചത്. ഓരോ ജില്ലയിലെയും വിൽപ്പന ശാലകൾ അതാത് സ്ഥലത്തെ എം.എൽ.എ മാർ ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ആദ്യ വിൽപ്പന നടത്തി.

ഈ സർക്കാർ ചുമതല ഏറ്റെടുത്ത ശേഷം പുതിയതും നവീകരിച്ചതുമായ 50 സപ്ലൈകോ വിൽപ്പന ശാലകൾ തുറന്നുകൊടുത്തു.

# കേരളത്തിന്റെ പൊതുവിതരണ രംഗത്തെ രാജ്യം ശ്രദ്ധിക്കുന്നു: മുഖ്യമന്ത്രി



തിരുവനന്തപുരം: കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം അങ്ങേയറ്റം മാതൃകാപരമാണെന്നും അത് രാജ്യം പ്രത്യേകതയോടെ ശ്രദ്ധിക്കുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോയുടെ പുതിയതും നവീകരിച്ചതുമായ 25 ഔട്ട്ലറ്റുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് കൂടുതൽ സപ്ലൈകോ ഔട്ട്ലറ്റുകൾ വരണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നതായും ജനപിന്തുണയോടെ പുതിയ മാനങ്ങളിലേക്ക് ഉയരാൻ സപ്ലൈകോയ്ക്ക് കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തമ്പാനൂർ കെഎസ്ആർടിസി ബസ് ടെർമിനലിനോടു ചേർന്നുള്ള കെട്ടിടത്തിൽ ആരംഭിച്ച സൂപ്പർമാർക്കറ്റ് നേരിട്ടും മറ്റ് 24 എണ്ണം ഓൺലൈനായും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ ആറു വർഷത്തിനിടെ വില വർധിപ്പിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. 2016ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വില വർധിപ്പിക്കില്ലെന്ന് പ്രഖ്യാപിച്ചിരുന്നു. ജനം അതേ സർക്കാരിന് ഭരണത്തുടർച്ച നൽകിയപ്പോൾ 2016ലെ വിലയിൽ ഒരു വർധനയും വരുത്താതെ അത് തുടരുകയാണ്. കോവിഡ് പ്രതിസന്ധിയിൽ നാട്ടിൽ ആരും പട്ടിണി കിടക്കാൻ പാടില്ലെന്ന സർക്കാരിന്റെ ദൃഢനിശ്ചയത്തിന് സപ്ലൈകോ വലിയ പിന്തുണ നൽകിയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത നേടിയിട്ടില്ലാത്ത കേരളത്തിന് കോവിഡിന്റെ ആദ്യഘട്ട വ്യാപനം വലിയ ആശങ്കയുണ്ടാക്കിയിരുന്നു. ഭക്ഷ്യവസ്തുക്കൾ ഇവിടേയ്ക്ക് എത്തിക്കാനാകാത്ത സ്ഥിതിയുണ്ടായേക്കാമെന്ന ഘട്ടത്തിൽ ആരംഭിച്ച 'സുഭിക്ഷ കേരളം' പദ്ധതി പൂർണ മനസോടെ കേരളം ഏറ്റെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു. സപ്ലൈകോയിലൂടെ ഗുണമേൻമയുള്ള ഉത്പന്നങ്ങൾ സുതാര്യമായി ജനങ്ങളിലേത്തിക്കാനുള്ള നവീന പദ്ധതികൾ ആവിഷ്കരിക്കുകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി ആർ അനിൽ പറഞ്ഞു. സപ്ലൈകോയുടെ വിതരണ വാഹനങ്ങളിൽ ജിപിഎസ് ഘടിപ്പിക്കൽ, ഗോഡൗണുകളിൽ ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. തമ്പാനൂർ സൂപ്പർ മാർക്കറ്റിലെ ആദ്യ വിൽപ്പന ഗതാഗത മന്ത്രി ആന്റണി രാജു നിർവഹിച്ചു.

പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി മുഖ്യാതിഥിയായി പങ്കെടുത്തു. മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി കെ രാജു, സിപിഐ ജില്ല സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ , ഗതാഗത വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ, സപ്ലൈകോ മാനേജിങ് ഡയറക്ടർ സഞ്ജീബ് പട്ജോഷി,ജനറൽ മാനേജർ സലിം കുമാർ, കെഎസ്ആർടിസി സിഎംഡി ബിജു പ്രഭാകർ എന്നിവർ പങ്കെടുത്തു.

# ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഫോൺനമ്പർ അനുവദിച്ചു

നഗരകാര്യവകുപ്പിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഫോൺനമ്പർ അനുവദിച്ചു. നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും മേയർമ്മാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, നഗരകാര്യ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കാണ് ഔദ്യോഗിക ഫോൺനമ്പറുകൾ അനുവദിച്ചത്. ഓരോ മാസവും നിശ്ചിത നിരക്കിലുള്ള തുകയ്ക്ക് ഉദ്യോഗസ്ഥർക്ക് ഫോൺവിളിക്കാനും, ഡാറ്റ ഉപയോഗിക്കാനും എസ്എംഎസ് അയക്കാനും സാധിക്കും. ഓരോവർഷവും ട്രാൻസ്ഫർ ആകുന്നതിനും വിരമിക്കുന്നതിനുമനുസരിച്ച് പുതിയ ഉദ്യോഗസ്ഥർ വരുമ്പോൾ ഇവരുടെ ഫോൺ നമ്പർ ലഭ്യമാവുന്നതിൽ നേരിടുന്ന പ്രയാസം പരിഹരിക്കുന്നതിനായാണ് ഔദ്യോഗിക ഫോൺനമ്പർ അനുവദിച്ചത്. പുതിയ സംവിധാനത്തിൽ ഓരോ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും നഗരകാര്യവകുപ്പിലെ ഓഫീസുകൾക്കും സ്ഥിരമായി ഒരു ഫോൺനമ്പർ ഉണ്ടാകും. അളുകൾ മാറുന്നതിനനുസരിച്ച് നമ്പർ മാറുമ്പോഴുണ്ടാകുന്ന പ്രയാസത്തിന് ഇതിലൂടെ പരിഹാരമാകും.

# സിനിമാ തിയേറ്ററുകളിലും ഭക്ഷണ ശാലകളിലും കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചു

സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിലും ഭക്ഷണ ശാലകളിലും ബാറുകളിലും കോവിഡ്19 വ്യാപനം തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ സർക്കാർ പിൻവലിച്ചു. ഇതോടെ സിനിമാ തിയേറ്ററുകളിൽ എല്ലാ സീറ്റുകളിലും സിറ്റിംഗ് അനുവദിച്ചതായി ചീഫ് സെക്രട്ടറി അറിയിച്ചു.

ബാറുകൾ, ഹോട്ടലുകൾ, റെസ്റ്ററന്റുകൾ, മറ്റു ഭക്ഷണ ശാലകൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്ന സമയ നിയന്ത്രണവും ഇരിപ്പിട നിയന്ത്രണവും പിൻവലിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങൾക്ക് കോവിഡ് നിയന്ത്രണത്തിന് മുൻപ് ഉണ്ടായിരുന്ന സമയക്രമത്തിൽ ഇനി മുതൽ പ്രവർത്തിക്കാം.

പൊതു പരിപാടികൾ 25 സ്ക്വയർ ഫീറ്റിൽ ഒരാൾ എന്ന നിലയിൽ സാമൂഹിക അകലം പാലിച്ച് പരമാവധി 1500 പേരെ വീതം പങ്കെടുപ്പിക്കാം. സർക്കാർ ഓഫീസുകളിൽ മീറ്റിംഗുകൾ, ട്രെയിനിങ്ങുകൾ എന്നിവ ആവശ്യമെങ്കിൽ ഓഫ്ലൈനായി നടത്താമെന്നും സർക്കാർ വ്യക്തമാക്കി.

# ന്യൂജൻ മയക്കുമരുന്ന് സംഘത്തിലെ നൈജീരിയക്കാരൻ അറസ്റ്റിൽ

നെടുമ്പാശേരി: ന്യൂജൻ മയക്കുമരുന്ന് വിൽപ്പന സംഘത്തിലെ നൈജീരിയക്കാരൻ അറസ്റ്റിൽ. നൈജീരിയൻ പൗരനായ റെമിജുസ് (38) നെയാണ് നെടുമ്പാശേരി പൊലീസ് പിടികൂടിയത്. ദിവസങ്ങൾ നീണ്ട ഓപ്പറേഷനൊടുവിൽ ജില്ലാ പോലീസ് മേധാവി കെ കാർത്തിക്കിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക ടീം ബാംഗ്ലൂർ മേദനഹള്ളിയിലെ ഫ്ലാറ്റ് വളഞ്ഞാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് എംഡിഎംഎ പോലുള്ള മയക്ക് മരുന്ന് വിൽപന നടത്തുന്ന സംഘത്തിലെ പ്രധാനിയാണ് ഇയാൾ.

കഴിഞ്ഞ നവംബറിൽ 168 ഗ്രാം എംഡിഎംഎ യുമായി നാല് യുവാക്കളെ നെടുമ്പാശേരി കരിയാട് നിന്ന് പൊലീസ് പിടികൂടിയിരുന്നു. ബാംഗ്ലൂരിൽ നിന്ന് മയക്കുമരുന്ന് കൊണ്ടുവരുന്ന വഴിയാണ് സംഘത്തെ അറസ്റ്റ് ചെയ്തത്. ഇതിന്റെ അന്വേഷണമാണ് നൈജീരിയൻ പൗരനിലേക്ക് എത്തിയത്. നാലംഗ സംഘത്തിന് മയക്കുമരുന്ന് നൽകിയത് ഇയാളാണ്. 2016 ൽ ആണ് റെമിജുസ് മെഡിക്കൽ വിസയിൽ ഇന്ത്യയിലെത്തിയത്.

വിസ പുതുക്കി നൽകാത്തതിനാൽ അനധികൃതമായി ബാംഗ്ലൂരിൽ തങ്ങുകയായിരുന്നു. ഇതിനിടയിൽ സ്റ്റുഡൻറ് വിസയിൽ ഭാര്യയും നാട്ടിലെത്തി. മയക്കുമരുന്ന് ആവശ്യക്കാർ ബാംഗ്ലൂരിൽ ഇയാളെ തേടിയെത്തുകയാണ് പതിവ്.

സ്ഥലം പലവട്ടം മാറ്റി പറഞ്ഞ് ഒടുവിൽ കിലോമീറ്ററുകൾ അകലെയെത്തിച്ചാണ് വിൽപ്പന. ഹെൽമറ്റ് വച്ച് ബൈക്കിലെത്തിയാണ് സാധനം കൈമാറുന്നത്. പണമിടപാട് നേരിട്ടാണ്.

രണ്ടു പ്രാവശ്യം പിടികൂടാൻ പൊലീസ് ബാംഗ്ലൂരിലെത്തിയെങ്കിലും രക്ഷപ്പെടുകയായിരുന്നു. 2017 ൽ മയക്കുമരുന്ന് കേസിൽ ഇയാൾ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

# ബങ്കറുകളിൽ ഒളിച്ചു കഴിയുന്നവരിൽ ഇരുപതോളം കോട്ടയം ജില്ലക്കാരും

കോട്ടയം: യുദ്ധച്ചൂടിനിടയിലും കൊടുംതണുപ്പിൽ ബങ്കറുകളിലും ഉക്രെയ്!നിൽ ഭൂഗർഭ മെട്രോ സ്റ്റേഷനുകളിലും ഒളിച്ചു കഴിയുന്നവരിൽ ഇരുപതോളം കോട്ടയം ജില്ലക്കാരും. ചങ്ങനാശ്ശേരി, തെങ്ങണ, തലയോലപ്പറമ്പ്, അതിരമ്പുഴ, കഞ്ഞിക്കുഴി, കടുത്തുരുത്തി സ്വദേശികളാണ് അതിലേറെയും. ചങ്ങനാശേരി സ്വദേശി അക്ഷയും മൂന്നു സുഹൃത്തുക്കളും വ്യാഴാഴ്ച രാത്രിയോടെയാണ് മൈനസ് രണ്ടു ഡിഗ്രി തണുപ്പിൽ ഭൂഗർഭ മെട്രോ സ്റ്റേഷനിൽ അഭയം തേടിയത്. സമീപത്തെ ഫ്ലാറ്റിൽ നിന്നുമാണ് ഇവർ എത്തിയത്. തലയോലപ്പറമ്പ് സ്വദേശി അരവിന്ദ് എസ് കുമാറും സുഹൃത്തുക്കളും കഴിയുന്നത് കർകീവ് വിമാനത്താവളത്തിനു സമീപത്തെ ഹോസ്റ്റൽ ബങ്കറിലാണ്. ഏജന്റുമാരുടെ നിർദേശത്തെ തുടർന്ന് വ്യാഴാഴ്ചയാണ് ഇവർ ബങ്കറിലേക്ക് മാറിയത്. അരവിന്ദിനൊപ്പം പത്തോളം മലയാളികളും ഉണ്ട്. കർകീവ് ദേശീയ മെഡിക്കൽ സർവകലാശാലയിലെ വിദ്യാർത്ഥികളാണ് ഇവർ ഏറെയും. റഷ്യൻ അതിർത്തിക്ക് അടുത്തുള്ള പ്രദേശത്താണ് ഇവർ താമസിക്കുന്നത്. അതുകൊണ്ട് തന്നെ രക്ഷപെടൽ ദുഷ്കരമാകും എന്നാണ് ഇവർക്ക് ലഭിച്ച വിവരം. ഇവരെ കൂടാതെ കഞ്ഞിക്കുഴി സ്വദേശി സോണി ജോസഫിന്റെ മകളും കീവിലെ ബോഗോ മോളറ്റ്സ് നാഷണൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയുമായ ഹേന സോണി കളത്തിൽ, തെക്കൻ ഉക്രെയ്!നിലെ മൈക്കോലേവിൽ മെഡിസിനു പഠിക്കുന്ന കടുത്തുരുത്തി കുളത്തിങ്കൽ രാജന്റെ മകൾ പ്രതിഭ, സുമി സ്റ്റേറ്റ് സർവകലാശാലയിലെ നാലാം വർഷ എംബിബിഎസ് വിദ്യാർത്ഥികളായ ചങ്ങനാശ്ശേരി തെങ്ങണ സ്വദേശി അഷ്റഫിന്റെ മകൻ അബീസ് കെ അഷ്റഫ്, ബന്ധു അതിരമ്പുഴ സ്വദേശി അഹമ്മദ് സക്കീർ ഹുസൈൻ അടക്കമുള്ളവരാണ് നാടണയാൻ വെമ്പി കഴിയുന്നത്.

കുമാരനല്ലൂർ കാർത്തികയിൽ ഉണ്ണികൃഷ്ണൻ നായരുടെയും ഗിരിജാ കുമാരിയുടെയും മകൾ കാർത്തിക ഉണ്ണി ഖർകീവിലെ ഹോസ്റ്റലിലാണ് കുടുങ്ങിയത്. കാർത്തികക്കൊപ്പം 120 ഓളം മലയാളികൾ ഹോട്ടലിലെ ബങ്കറിലാണ് ഇപ്പോൾ കഴിയുന്നത്. എംബിബിഎസ് അഡ്!മിഷന് വേണ്ടി ഈ മാസം 14 നാണ് കാർത്തിക ഉക്രെയ്!നിലേക്ക് പോയത്. ഇവരിൽ ചിലർ, നാട്ടിലേക്ക് തിരിക്കാനായി ബുധനാഴ്ച വിമാനത്താവളത്തിലേക്ക് പുറപ്പെട്ടെങ്കിലും വിമാനത്താവളങ്ങൾ അടച്ചതോടെ തിരികെപ്പോയി. എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാം. കൈയിൽ കരുതിയ ഭക്ഷണവും വെള്ളവും തീരുന്നു. ഇനിയെന്ത് എന്നറിയില്ല എന്നതാണ് അവസ്ഥ. പ്രാഥമിക കൃത്യം പോലും മുടങ്ങാവുന്ന അവസ്ഥ. കുടുംബവുമായി ബന്ധപ്പെടുന്നുണ്ട്. അതിനും തടസങ്ങൾ നേരിട്ട് തുടങ്ങി. പലയിടത്തും വൈദ്യുതി ബന്ധം തടസപ്പെട്ടു തുടങ്ങി. റഷ്യൻ അതിർത്തിയോട് ചേർന്നുള്ള പ്രദേശത്തു നിന്നുള്ള ഒഴിപ്പിക്കൽ പ്രയാസകരമാണെന്ന അറിയിപ്പ് ആശങ്കയുണ്ടാക്കുന്നു. എംബസി അധികൃതർ ലൊക്കേഷൻ തേടിത്തുടങ്ങിയത് മാത്രമാണ് ഏക ആശ്വാസം. എന്നാൽ ഒഴിപ്പിക്കൽ സംബന്ധിച്ച് യാതൊരു വിവരവും ഇല്ല. ഇത് പറഞ്ഞു നിർത്തുമ്പോൾ ഏതുസമയത്തും സംഭവിക്കാവുന്ന ദുരന്തത്തെ പ്രതീക്ഷിക്കുന്നുണ്ട് ഇവർ.

# ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം: കേരളസർവകലാശാല അമേരിക്കൻ മലയാളികളുടെ കൂട്ടായ്മയായ 'ഫൊക്കന'യുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം' കഴക്കൂട്ടം മാജിക് പ്ലാനറ്റിൽ വച്ച് സാസംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ വിതരണം ചെയ്തു. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം ഡോ. പി അരുൺമോഹൻ, ഡോ. കെ മഞ്ജു എന്നിവർ ഏറ്റുവാങ്ങി. 2019 ലേയും 2021 ലേയും പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്. കേരളത്തിലെ എല്ലാ സർവകലാശാലകളിലേയും മലയാളഭാഷയിലെ മികച്ച ഗവേഷണപ്രബന്ധത്തിനാണ് ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം നൽകിവരുന്നത്. കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) വി പി മഹാദേവൻപിള്ള മുഖ്യപ്രഭാഷണം നടത്തി. ഗവേഷണപ്രബന്ധത്തിന്റെ മാർഗ്ഗദർശികളായ ഡോ. ടി പവിത്രൻ, ഡോ. കെ എം അനിൽ എന്നിവരെ മജീഷ്യൻ ഗോപിനാഥ് മുതുകാട് ആദരിച്ചു. 2017 ൽ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം നേടിയ ഡോ.സ്വപ്ന ശ്രീനിവാസന്റെ പ്രബന്ധം 'പട്ടത്തുവിളക്കഥകളിലെ സംസ്കാരരാഷ്ട്രീയം' എന്ന പേരിൽ പുസ്കതരൂപത്തിൽ കേരളസർവകലാശാല പ്രൊവൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി പി.അജയകുമാർ സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. കെ എച്ച് ബാബുജാന് നൽകി പ്രകാശിപ്പിച്ചു.

# ഉക്രെയ്ൻ പിടിച്ചെടുക്കാൻ പുടിന് കഴിയില്ലെന്ന് മുൻ ഉക്രെയ്ൻ പ്രസിഡന്റ്

കീവ്: റഷ്യയ്ക്ക് ഉക്രെയ്ൻ പിടിച്ചെടുക്കാൻ കഴിയില്ലെന്ന് മുൻ ഉക്രെയ്!ൻ പ്രസിഡന്റ് പെട്രോ പൊറോഷെങ്കോ. എകെ 47 തോക്കുമായി പൊറോഷെങ്കോ പ്രസ്താവന നടത്തുന്ന വിഡിയോ പുറത്തുവന്നിരുന്നു. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനെ ഒരു ഭ്രാന്തനെന്ന് വിശേഷിപ്പിച്ച പൊറോഷെങ്കോ, പുടിന് യുക്തിപരമായ ചിന്തിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടുവെന്നും ആരോപിച്ചു. ഞങ്ങൾക്ക് 300 ടെറിറ്റീരിയൽ പ്രതിരോധ അംഗങ്ങളും മെഷീൻ ഗണ്ണുകളും ഉണ്ട്. ഞങ്ങൾക്ക് ടാങ്കുകളോ കനത്ത പീരങ്കികളോ ഇല്ല. ഞങ്ങൾക്ക് വെടിമരുന്ന് വേണം. സൈന്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന ആളുകളുടെ ഒരു നീണ്ട നിര നമുക്കുണ്ട്, പക്ഷേ ഞങ്ങൾക്ക് ആയുധമില്ല, പൊറോഷെങ്കോ പറഞ്ഞു. ഉക്രെനിയക്കാർ പുടിനെയും റഷ്യൻ ആക്രമണത്തെയും വെറുക്കുന്നതിന്റെ ഉദാഹരണങ്ങളാണിതെന്നും ആക്രമണത്തിനെതിരെ പോരാടുമെന്നും അദ്ദേഹം പറഞ്ഞു.

സ്വയം പ്രതിരോധത്തിന് ഉക്രെയ്!ൻ സർക്കാർ പൗരൻമാർക്ക് ആയുധങ്ങൾ വിതരണം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായാണ് എകെ 47 തോക്കുമായി പൊറോഷെങ്കോ വിഡീയോയിൽ പ്രത്യക്ഷപ്പെട്ടത്. എകെ 47 ഉപയോഗിക്കാൻ പരിശീലിക്കുകയാണെന്ന കുറിപ്പോടെ തോക്കുമായി നിൽക്കുന്ന ചിത്രം ഉക്രെയ്!ൻ എംപി കിര റുഡിക്കും പങ്കുവച്ചിരുന്നു.

# റഷ്യയുക്രെയ്ൻ പ്രതിനിധി സംഘങ്ങൾ ചർച്ചയിൽ

പരിഹരിക്കാൻ ചർച്ച തുടങ്ങി. ഇരു രാജ്യങ്ങളിലെയും പ്രതിനിധി സംഘങ്ങളാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. ബലാറൂസിൽവച്ചാണ് ചർച്ചകൾ പുരോഗമിക്കുന്നത്.

അതേസമയം ചർച്ചയിൽ പ്രതീക്ഷയില്ലെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി പറഞ്ഞു.

# ആണവ നിലയങ്ങൾക്ക് തകരാറെന്ന് യുക്രെയ്ൻ

കീവ്: റഷ്യൻ ആക്രമണത്തിൽ ആണവ നിലയങ്ങൾക്ക് തകരാറുണ്ടായതായി യുക്രെയ്ൻ. രണ്ട് ആണവനിലയങ്ങൾക്കാണ് കേടുപാടുകൾ ഉണ്ടായത്. ഇക്കാര്യം യുക്രെയ്ൻ അറിയിച്ചെന്ന് അന്താരാഷ്ട്ര ആണവ ഏജൻസി അറിയിച്ചു.

അതേസമയം ആണവ വികിരണമില്ലെന്നും അന്താരാഷ്ട്ര ആണവ ഏജൻസി വ്യക്തമാക്കി.

# മാലിന്യ സംസ്കരണം: നിരീക്ഷണത്തിന് മൊബൈൽ ആപ്പുമായി ഹരിത കേരള മിഷൻ

തിരുവനന്തപുരം: തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ മൊബൈൽ ആപ്ലിക്കേഷനുമായി ഹരിത കേരള മിഷൻ. ശുചിത്വ മിഷൻ, കെൽട്രോൺ എന്നിവരുമായി സഹകരിച്ചാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം എന്ന ആപ്പിന് രൂപം കൊടുത്തിരിക്കുന്നത്. പൊതുജനങ്ങളെ നേരിട്ട് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്ന തരത്തിൽ പരാതി പരിഹാര സെൽ എന്ന നിലയിലാണ് ആപ്പിന്റെ പ്രവർത്തനം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് തലം മുതൽ സംസ്ഥാനതലം വരെയുള്ള മാലിന്യങ്ങളുടെ ഉത്പാദന ശേഖരണ കൈമാറ്റ സംസ്കരണ രീതി കൃത്യമായി മോണിറ്റർ ചെയ്യാൻ സാധിക്കും. ക്യുആർ കോഡ് വഴി വീടുകളും സ്ഥാപനങ്ങളും ഹരിത മിത്രം ആപ്പിന്റെ ഭാഗമായി ബന്ധിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. മാലിന്യങ്ങൾ അലക്ഷ്യമായും അപകടകരമായും വലിച്ചെറിയുന്നതും ഒഴുക്കിവിടുന്നതും കത്തിക്കുന്നതും ഉൾപ്പെടെയുള്ള സാമൂഹ്യപ്രശ്നങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളെ യഥാസമയം ഈ സംവിധാനത്തിലൂടെ അറിയിക്കാനും ഈ പരാതികളുടെ അടിസ്ഥാനത്തിൽ നിയമനടപടികൾ ഉൾപ്പെടെയുള്ള പ്രശ്ന പരിഹാര നടപടികൾ സ്വീകരിക്കാനും സാധിക്കുന്നതാണ്. ആദ്യഘട്ടത്തിൽ 25 ഗ്രാമപഞ്ചായത്തുകളിലും ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട്, നെയ്യാറ്റിൻകര നഗരസഭകളിലും തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെ 30 തദ്ദേശഭരണ സ്ഥാപനങ്ങളിലുമാണ് ആപ്പ് നടപ്പാക്കുന്നത്. ഡിസംബർ 31 നകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഹരിത മിത്രം ആപ്പിന്റെ പരിധിയിൽ കൊണ്ടുവരുമെന്ന് ഹരിതകേരളം മിഷൻ ജില്ലാ കോഓർഡിനേറ്റർ ഡി ഹുമയൂൺ അറിയിച്ചു.

# എ.വി.എം കനാൽ സംരക്ഷണത്തിന് 'ഗോൾഡൻ കനാൽ' പദ്ധതി ഒരുങ്ങുന്നു

തിരുവനന്തപുരം: തിരുവിതാംകൂറിലെ പ്രധാന ജലപാതയായിരുന്ന അനന്ത വിക്ടോറിയ മാർത്താണ്ഡം കനാൽ (എ.വി.എം കനാൽ) നവീകരിച്ച് സംരക്ഷിക്കാനായി പാറശാല ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന 'ഗോൾഡൻ കനാൽ' പദ്ധതിയുടെ അവലോകനയോഗം ചേർന്നു.

പൊതുജന സഹകരണത്തോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കനാലിനെ മാലിന്യമുക്തമാക്കുമെന്നും ,ജില്ലയിലെ പ്രധാന വിനോദസഞ്ചാര ജലപാതയായി കനാലിനെ മാറ്റുമെന്നും കെ . ആൻസലൻ എം.എൽ.എ പറഞ്ഞു.

പാറശാല ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന 'ദി ലാസ്റ്റ് വില്ലേജ് ഓഫ് കേരള' വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായാണ് എ.വി.എം കനാലിനെ വിനോദസഞ്ചാര ജല പാതയായി മാറ്റുന്നത്.

1860ൽ തിരുവിതാംകൂർ മഹാരാജാവ് ഉത്രം തിരുനാൾ മാർത്താണ്ഡവർമ തിരുവനന്തപുരത്തെയും കന്യാകുമാരിയെയും ബന്ധിപ്പിച്ച് നിർമ്മിച്ചതാണ് എ.വി.എം കനാൽ. തമിഴ്നാട്ടിലെ എഴുമാന്തുറ വരെ 11 കിലോമീറ്റർ നീളമുള്ള എ.വി.എം കനാലിനെ 2016ൽ ദേശീയ ജലപാത 13 ആയി അംഗീകരിച്ചു.

തീരദേശ മേഖലയായ പൊഴിയൂരിലെ പ്രധാന ജലസ്രോതസ് ആയിരുന്നെങ്കിലും പിന്നീട് മണൽകൂനകളും മാലിന്യവും നിറഞ്ഞ് കനാലിന്റെ ഒഴുക്കു നിലച്ചു. കനാലിന്റെ പുനരുജ്ജീവനത്തിനൊപ്പം വിനോദസഞ്ചാര സാധ്യതകളെ മെച്ചപ്പെടുത്തുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പൊഴിയൂരിലെ പരുത്തിയൂർ മുതൽ കൊല്ലംകോട് വരെ രണ്ട് കിലോമീറ്റർ ദൂരത്തിലാണ് 'ഗോൾഡൻ കനാൽ' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടമായി ശുചിത്വ കേരളം, ഹരിത കേരളം മിഷനുകളുടെ സഹായത്തോടെ കനാലിനെ മാലിന്യമുക്തമാക്കും.

പുഴയിലേക്കുള്ള മാലിന്യ നിക്ഷേപം എവിടെ നിന്നൊക്കെയാണെന്ന് കണ്ടെത്താൻ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 'പുഴനടത്തം' സംഘടിപ്പിക്കും. പൊതു ജനങ്ങളെ പങ്കാളികളാക്കി കൊണ്ടുള്ള ഉത്തരവാദിത്ത വിനോദസഞ്ചാര രീതിയാണ് എ.വി.എം കനാലിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കനാലിലൂടെയുള്ള ബോട്ട് സർവീസ്, കടവുകളുടെ നിർമ്മാണം, ഇരുകരകളിലും നവീകരിച്ച നടപ്പാതകൾ, കുട്ടികളുടെ പാർക്ക്, പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ എന്നിവ അടങ്ങുന്ന പദ്ധതിക്ക് നാല് കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.കെ.ബെൻഡാർവിൻ അദ്ധ്യക്ഷനായ യോഗത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുധാർജുനൻ ജി., ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അൽവേഡിസ എ., ഹരിത കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഡി.ഹുമയൂൺ തുടങ്ങിയവരും പങ്കെടുത്തു.

# റഷ്യയ്ക്കു മേൽ ഉപരോധം കടുപ്പിച്ച് യൂറോപ്യൻ യൂണിയൻ

ബ്രസൽസ്: റഷ്യയ്ക്കു മേൽ ഉപരോധം കടുപ്പിച്ച് യൂറോപ്യൻ യൂണിയൻ. റഷ്യൻ വിമാനങ്ങൾക്ക് യൂറോപ്യൻ യൂണിയൻ വിലക്കേർപ്പെടുത്തി. റഷ്യൻ ഉടമസ്ഥതയിലുള്ളതും റഷ്യയിൽ രജിസ്റ്റർ ചെയ്തതും റഷ്യൻ നിയന്ത്രണത്തിലുള്ളതുമായ എല്ലാ എയർക്രാഫ്റ്റുകൾക്കും നിരോധനം ഏർപ്പെടുത്തുന്നതായി യൂറോപ്യൻ യൂണിയൻ അറിയിച്ചു. റഷ്യൻ മാധ്യമങ്ങൾക്കും ഇയു രാജ്യങ്ങളിൽ വിലക്കേർപ്പെടുത്തും. യുക്രെയ്ന് ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും യൂറോപ്യൻ യൂണിയൻ ധനസഹായം നൽകുമെന്നും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ദേർ ലെയ്ൻ പ്രതികരിച്ചു.



പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻജില്ലാ തല ഉദ്ഘാടനം തൈക്കാട് ശിശുക്ഷേമ സമിതിയിൽ മന്ത്രി ശ്രീ വി.ശിവൻകുട്ടി നിർവഹിച്ചു

# സംസ്ഥാനത്ത് 20.56 ലക്ഷം കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് നൽകി

## ആശുപത്രികൾ പൂർണമായും മാതൃ ശിശു സൗഹൃദമാക്കും: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് 5 വയസിന് താഴെയുള്ള 20,56,431 കുട്ടികൾക്ക് പൾസ് പോളിയോ തുള്ളിമരുന്ന് നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 24,614 ബൂത്തുകൾ വഴി അഞ്ച് വയസ് വരെയുള്ള 24,36,298 കുട്ടികൾക്കാണ് പോളിയോ തുള്ളിമരുന്ന് നൽകാൻ ലക്ഷ്യമിട്ടിരുന്നത്. തുള്ളിമരുന്ന് വിതരണം ചെയ്യുന്നതിനായി 49,228 വോളണ്ടിയരേയും 2,183 സൂപ്പർവൈസർമാരേയും സജ്ജമാക്കിയിരുന്നു. കോവിഡ് പശ്ചാത്തലത്തിലും 84.41 ശതമാനം കുട്ടികളും വാക്സിൻ സ്വീകരിച്ചതായും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം 1,99,618, കൊല്ലം 1,50,797, പത്തനംതിട്ട 60,340, ആലപ്പുഴ 1,20,195, കോട്ടയം 99,497, ഇടുക്കി 66,513, എറണാകുളം 1,83,217, തൃശൂർ 1,83,120, പാലക്കാട് 1,77,390, മലപ്പുറം 3,07,163, കോഴിക്കോട് 2,01,151, വയനാട് 53,779, കണ്ണൂർ 1,57,072, കാസർഗോഡ് 96,579 എന്നിങ്ങനെയാണ് ജില്ലാടിസ്ഥാനത്തിലെ പോളിയോ തുള്ളിമരുന്ന് വിതരണം.

പോളിയോ പ്രതിരോധ തുള്ളിമരുന്ന് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ആദ്യ പോളിയോ തുള്ളിമരുന്ന് മന്ത്രി, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യരുടെ മകൻ മൽഹാറിനു നൽകിയാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഉദ്ഘാടനം ചെയ്തത്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ പൂർണമായും മാതൃ ശിശു സൗഹൃദമാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സ്വകാര്യ ആശുപത്രികളേയും മാതൃ ശിശു സൗഹൃദമാക്കി മാറ്റാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. മാതൃ, ശിശു മരണനിരക്ക് കുറയ്ക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകി പ്രത്യേക ഇടപെടലുകൾ നടത്തും.

കേരളത്തിൽ രണ്ടായിരത്തിനു ശേഷം പോളിയോ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അയൽ രാജ്യങ്ങളിൽ പോളിയോ രോഗം ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ രോഗസാധ്യത ഒഴിവാക്കുന്നതിനാണ് പോളിയോ തുള്ളിമരുന്ന് നൽകുന്നത്.

പോളിയോ രോഗം കാരണം കുട്ടികളിലുണ്ടാകുന്ന അംഗവൈകല്യം തടയേണ്ടത് അനിവാര്യമാണ്. അതിനാൽ തന്നെ അഞ്ചു വയസിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുള്ളിമരുന്ന് നൽകണം.

പോളിയോ ബൂത്തുകൾക്ക് പുറമേ ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകൾ സജ്ജമാക്കിയിരുന്നു.

ഞായറാഴ്ച പോളിയോ തുള്ളിമരുന്ന് എടുക്കാൻ കഴിയാത്ത കുട്ടികൾക്ക് തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി പോളിയോ തുള്ളിമരുന്ന് നൽകുന്നതാണ്. പോളിയോ തുള്ളിമരുന്ന് എടുക്കാൻ കഴിയാത്തവർ തൊട്ടടുത്തുള്ള ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടേണ്ടതാണ്.

## അപേക്ഷ ക്ഷണിച്ചു

കൊല്ലം : എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന മൂന്ന് മാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സുകളായ അലൂമിനിയം ഫാബ്രിക്കേഷൻ, മൊബൈൽ ഫോൺ ടെക്നോളജി എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് എട്ട്. ഫോം തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്ന് വാങ്ങാം. വിശദവിവരങ്ങൾക്ക് : 9496846522.

## മുട്ടക്കോഴി വളർത്തൽ പരിശീലനം 25 ന്

കൊല്ലം : കൊട്ടിയം മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിൽ മുട്ടക്കോഴി വളർത്തലിൽ ഏകദിന പരിശീലനം ഫെബ്രുവരി 25 ന്. രജിസ്ട്രേഷനായി ഫോൺ 04742537300.

## റാങ്ക് പട്ടിക റദ്ദാക്കി

കൊല്ലം : ജില്ലാ സഹകരണ ബാങ്കിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ (കാറ്റഗറി നമ്പർ: 220/15) തസ്തികയുടെ റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനാൽ റദ്ദ് ചെയ്തതായി പി.എസ്. സി ജില്ലാ ഓഫീസർ അറിയിച്ചു.

## റാങ്ക് പട്ടിക റദ്ദാക്കി

കൊല്ലം : ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ: 296/14) റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനാൽ റദ്ദ് ചെയ്തതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## കരട് പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഒ.ബി.സി വിഭാഗങ്ങൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ മെഡിക്കൽ/ എൻജിനിയറിങ് വിഭാഗത്തിന്റെ കരട് ഗുണഭോക്തൃപ്പട്ടിക ㅇㅇㅇ.യരററ.സല്യമഹമ.ഴീ.ശി, ㅇㅇㅇ.ലഴൃമ്വേ.സല്യമഹമ.ഴീ.ശി എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. പട്ടികയിൽ ആക്ഷേപങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഫെബ്രുവരി 25നകം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഓഫീസുകളിൽ സമർപ്പിക്കണം.

## ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

കൊല്ലം : സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റേയും കടയ്ക്കൽ മണക്കാട് മുക്കുന്നം സർക്കാർ യു.പി.എസിന്റെയും ആഭിമുഖ്യത്തിൽ വനം പരിസ്ഥിതി സംരക്ഷണം വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് നസിയത്ത് ബീവി ഉദ്ഘാടനം ചെയ്തു. വനം വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു

## FORM IV

**Statement about ownership and other particulers about newspaper "NAUTICAL TIMES KERALA"**

| | | |
|---|---|---|
| Place of publication | : | THIRUVANANTHAPURAM. |
| Periodicity of publication | : | DAILY |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN |
| Address | : | `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN. |
| Address | : | YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |

Names and address of individuals who own the newspaper and partners or shareholders holdingmorethan one per cent of the total capital : YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29

I , YESUDAS WILLIAM, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Signature of Editor, Printer, Publisher and Owner

Date 28-02-2022

# കോഴിക്കോടിന്റെ വികസനത്തിന് ആയിരം കോടിയുടെ പദ്ധതി: മന്ത്രി മുഹമ്മദ് റിയാസ്

കോഴിക്കോട്: ഡൽഹിയെ ന്യൂഡൽഹിയാക്കിയതുപോലെ കാലിക്കറ്റിനെ ന്യൂ കാലിക്കറ്റ് ആക്കാനുള്ള പ്രവർത്തനമാണ് നടന്നുവരുന്നതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കനാൽ സിറ്റി പദ്ധതിയടക്കം സമയബന്ധിതമായി പൂർത്തീകരിക്കും. ഒരാൾക്കും ഒരു ബുദ്ധിമുട്ടുമില്ലാതെയാണ് ആയിരം കോടിയിലധികം ചെലവുവരുന്ന പദ്ധതി നടപ്പാക്കുക. ബേക്കൽ മുതൽ കോവളം വരെ കനാലുകൾ ബന്ധിപ്പിച്ച് വികസിപ്പിക്കുന്നതോടെ ചരക്കുനീക്കവും ടൂറിസവും സാധ്യമാവും. ഇത് വലിയ മുന്നേറ്റമാകുമെന്നും അദ്ദേഹം പറഞ്ഞു. കാലിക്കറ്റ് പ്രസ് ക്ലബ്ബിന്റെ സുവർണ ജൂബിലി ലോഗോ പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആറുവരിപ്പാത, തുരങ്കപാത, മലയോര തീരദേശ ഹൈവേകൾ, മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡ് വികസനം, ഉള്ള്യേരികുറ്റ്യാടി റോഡ്, ബാലുശ്ശേരി റോഡ് വീതികൂട്ടൽ എന്നിവയെല്ലാം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷ. അനീതിക്കും അഴിമതിക്കും അധാർമികതയ്ക്കുമെതിരെ അലാറമടിക്കുന്നപോലെ നിലകൊള്ളുന്നവരാണ് മാധ്യമങ്ങൾ. തെറ്റായ കാര്യങ്ങൾക്കെതിരെ ജനങ്ങളുടെ പ്രതികരണം ഉയർത്തിക്കൊണ്ടുവരുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണെന്ന് പറയുമ്പോൾ ആ കാവൽക്കാരുടെ മുന്നിൽ നിൽക്കുന്നവരാണ് മാധ്യമങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സംസ്ഥാനത്തെ ക്വാറികളുടെയും ക്രഷറുകളുടെയും വിവരങ്ങൾ ഇനി പൊതുജനങ്ങൾക്കുമറിയാം

സംസ്ഥാനത്തെ ക്വാറികൾ, ക്രഷറുകൾ, ധാതു സംഭരണത്തിനുള്ള ഡിപ്പോകൾ എന്നിവയുടേതുൾപ്പെടെ സകല വിവരങ്ങളും പൊതുജനങ്ങൾക്കും വ്യവസായ സംരംഭകർക്കും ലഭിക്കും. ഇതിനായി ഖനന ഭൂവിജ്ഞാന വകുപ്പിന്റെ നേതൃത്വത്തിൽ ഡാഷ്ബോർഡ് ആരംഭിച്ചു. ㅇㅇㅇ.റമവെയീമൃറ.റാഴ.സല്യമഹമ.ഴീ.ശി എന്ന ഡാഷ്ബോർഡിൽ ക്വാറി, ക്രഷർ എന്നിവയുടെ സ്ഥാനം, ഉടമസ്ഥ വിവരങ്ങൾ എന്നിവ ഉപഗ്രഹ/ ഭൂപടത്തിൽ അടയാളപ്പെടുത്തി കാണാനാകും. ജില്ല തിരിച്ചുള്ള ഖനനാനുമതികളുടെ എണ്ണവും ലഭ്യമാണ്. ഖനനത്തിന് അനുമതി നൽകിയിട്ടുള്ള കാലയളവ്, ഒരു സ്ഥലത്തു നിന്ന് നീക്കം ചെയ്യാവുന്ന പരമാവധി ധാതുവിന്റെ അളവ്, ഇ പാസ് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവയും ഡാഷ് ബോർഡിൽ നൽകിയിട്ടുണ്ട്.

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവീസ് എന്ന വകുപ്പിന്റെ ഇ ഗവേണൻസ് സംവിധാനത്തിൽ നിന്നുള്ള വിവരങ്ങളാണ് ഡാഷ്ബോർഡിൽ ലഭ്യമാക്കിയിരിക്കുന്നത്.

സംസ്ഥാനത്ത് നിലവിലുള്ള ക്വാറികളുടെ ഡിജിറ്റൽ സർവേ നടത്താൻ ഖനന ഭൂവിജ്ഞാന വകുപ്പ് ആലോചിക്കുന്നുണ്ട്. ഡ്രോൺ ലിഡാർ സർവേ സംവിധാനം, ജി. ഐ. എസ് എന്നിവയുടെ സാധ്യതകൾ മനസിലാക്കി വകുപ്പിന്റെ ഇ ഗവേണൻസ് സംവിധാനവുമായി സംയോജിപ്പിക്കുന്നതും പരിഗണനയിലാണ്. ഇതിനായി കെൽട്രോൺ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഡയറക്ട്രേറ്റിൽ ഇ ഓഫീസ് നടപ്പാക്കിയിട്ടുണ്ട്. വകുപ്പിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി ㅇㅇㅇ.റാഴ.സല്യമഹമ.ഴീ.ശി എന്ന നവീകരിച്ച വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 593 ക്വാറികൾ/ മൈനുകൾ, 642 ക്രഷറുകൾ, 1217 ധാതു ഡിപ്പോകൾ എന്നിവയാണുള്ളത്.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽപോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഗാർമെന്റ് മേക്കിംഗ് ആൻഡ് ഡിസൈനിംഗ്, മൊബൈൽ ഫോൺ ടെക്നോളജി (ആൻഡ്രോയിഡ്), ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് (ഡി.റ്റി.പ്പി), ഓട്ടോകാഡ് എന്നീ കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക്: 0471-2360611, 8075289889, 9495830907.

# പാക് സേനയും താലിബാനും ഏറ്റുമുട്ടൽ; മൂന്ന് പേർ കൊല്ലപ്പെട്ടു

കാണ്ഡഹാർ: പാക്കിസ്ഥാൻ സുരക്ഷാസേനയും താലിബാനും തമ്മിലുള്ള ഏറ്റുമുട്ടലിൽ മൂന്ന് പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. 20 പേർക്ക് പരിക്കേറ്റു. കാണ്ഡഹാറിലെ സ്പിൻ ബോൾഡ് ജില്ലയിലെ ഡ്യൂറൻഡ് ലൈനിലാണ് ഏറ്റുമുട്ടലുണ്ടായത്. സാധാരണക്കാർക്കാണ് പരിക്കേറ്റത്.

വ്യാഴാഴ്ച ഉച്ചകഴിഞ്ഞാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. സ്പിൻ ബോൾഡാക്ക് ഗേറ്റിൽ വച്ച് പാക് സുരക്ഷാസേന അഫ്ഗാൻ കുട്ടിയെ മർദിച്ചു. തുടർന്ന് അഫ്ഗാൻ സുരക്ഷാ സേന പാക് സേനയ്ക്ക് നേരെ വെടിയുതിർത്തു. ഇതാണ് ഏറ്റുമുട്ടലിന് കാരണമായത്. നിലവിൽ സ്പിൻ ബോൾഡാക്ക് ഗേറ്റിൽ ഗതാഗതം നിരോധിച്ചിരിക്കുകയാണ്. അൽബദർ കോർപ്സിൽ നിന്നുള്ള സൈനിക സേന സംഭവസ്ഥലത്തെത്തിയിട്ടുണ്ട്. പാക്കിസ്ഥാൻ സേനയ്ക്ക് മറുപടി നൽകാൻ സംഘം തയാറെടുക്കുകയാണ്. ഇതുവരെ സംഭവത്തിന്റെ വിശദാംശങ്ങൾ സെപിനെ ബോൾഡാക്കിന്റെ അതിർത്തി ഗേറ്റ് ഉദ്യോഗസ്ഥർ പുറത്തുവിട്ടിട്ടില്ല. ഡ്യൂറൻഡ് ലൈൻ വിഷയത്തിൽ താലിബാനും പാകിസ്താൻ തമ്മിലുള്ള ഭിന്നത തുടരുകയാണ്.

# 4,300 റഷ്യൻ സൈനികരെ വധിച്ചെന്ന് യുക്രെയ്ൻ; പ്രതികരിക്കാതെ റഷ്യ

കീവ്: ഇതുവരെ 4,300 റഷ്യൻ സൈനികരെ വധിച്ചെന്ന അവകാശവാദവുമായി യുക്രെയ്ൻ. 27 വിമാനങ്ങളും 26 ഹെലികോപ്റ്ററുകളും 706 സൈനിക വാഹനങ്ങളും തകർത്തു. ഈ മാസം 24 മുതൽ 26 വരെയുള്ള കണക്കാണിതെന്നും യുക്രെയ്ൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു. എന്നാൽ ഇതിനോട് റഷ്യ പ്രതികരിച്ചിട്ടില്ല.

അതേസമയം, റഷ്യയുമായി ബെലാറൂസിൽ വച്ച് ചർച്ച നടത്തില്ലെന്ന് യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി പറഞ്ഞു. പകരം വാഴ്സ, ഇസ്താംബുൾ, ബൈകു എന്നീ സ്ഥലങ്ങളാണ് ചർച്ചയ്ക്കായി അദ്ദേഹം നിർദേശിച്ചിരിക്കുന്നത്.

നാറ്റോ രാജ്യങ്ങളിലെ വേദികളാണ് സെലൻസ്കി ചർച്ചയ്ക്കായി നിർദേശിച്ചിരിക്കുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. റഷ്യയ്ക്കെതിരായ പോരാട്ടത്തിന് അന്താരാഷ്ട്ര പ്രതിരോധ സേനയെ രൂപീകരിക്കുമെന്ന് യുക്രെയ്ൻ വിദേശകാര്യമന്ത്രി പറഞ്ഞു.

യുക്രെയ്ൻ സേനയിലേക്ക് വിദേശികളെയും ക്ഷണിച്ചു. സൈന്യം വിപുലീകരിച്ച് പോരാടുമെന്ന് അദ്ദേഹം വ്യക്തമാക്കി. നമ്മൾ ഒരുമിച്ച് ഹിറ്റ്ലറെ നേരിട്ടു. അതുപോലെ ഒരുമിച്ച് പുടിനെയും നേരിടുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ജസ്റ്റിസ് എ.എം. സപ്രേ കേരളത്തിലെ റോഡ് സുരക്ഷ വിലയിരുത്തി

റോഡ് സുരക്ഷ സംബന്ധിച്ചു സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റി അധ്യക്ഷൻ ജസ്റ്റിസ് എ.എം. സപ്രേ കേരളത്തിലെ റോഡ് സുരക്ഷാ കാര്യങ്ങൾ വിലയിരുത്തി. സംസ്ഥാനത്തെ നിലവിലെ റോഡ് സുരക്ഷാ സാഹചര്യവും ഈ മേഖലയിൽ കൈവരിച്ച പുരോഗതിയും യോഗം വിലയിരുത്തി. സംസ്ഥാനത്തെ റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം യോഗത്തിൽ നിർദേശം നൽകി. കമ്മിറ്റിയുടെ ലീഗൽ കൺസൾട്ടന്റ് അഡ്വ. ഹർഷിത് ഖാന്തറും ഒപ്പമുണ്ടായിരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന അവലോകന യോഗത്തിൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ട്രാൻസ്പോർട്ട് കമ്മിഷണർ എം.ആർ. അജിത് കുമാർ, സിറ്റി പൊലീസ് കമ്മിഷണർ സ്പർജൻ കുമാർ, നാറ്റ്പാക് ഡയറക്ടർ ഡോ. സാംസൺ മാത്യു, ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ ഡോ. കെ.എസ്. ഷിനു, അഡിഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ പ്രമോജ് ശങ്കർ, കെ.ആർ.എസ്.എ. എക്സിക്യൂട്ടിവ് ഡയറക്ടർ ടി. ഇളങ്കോവൻ, പി.ഡബ്ല്യു.ഡി. ദേശീയപാത വിഭാഗം എക്സിക്യൂട്ടിവ് എൻജിനിയർ കെ.എഫ്. ലിസി, പി.ഡബ്ല്യു.ഡി. റോഡ് സുരക്ഷാ സെൽ എക്സിക്യൂട്ടിവ് എൻജിനിയർ സിയാദ്, റോഡ് സേഫ്റ്റി ഓഫിസർ അഭിഷേക് തോമസ് തുടങ്ങിയവർ പങ്കെടുത്തു.

# രണ്ട് വർഷത്തിനു ശേഷം വായിലൂടെ ഭക്ഷണം കഴിച്ച് 53 കാരി, കിംസ്ഹെൽത്തിൽ നടത്തിയത് അപൂർവ എൻഡോസ്കോപി

തിരുവനന്തപുരം: അർബുദബാധയെത്തുടർന്ന് അന്നനാളം ചുരുങ്ങിപ്പോയ 53 കാരിയെ കിംസ്ഹെൽത്തിൽ നടത്തിയ എൻഡോസ്കോപി ചികിത്സയിലൂടെ സുഖപ്പെടുത്തി. രാജ്യത്ത് തന്നെ അപൂർവമായി മാത്രമേ ഇത്തരത്തിലുള്ള എൻഡോസ്കോപി നടന്നിട്ടുള്ളൂ. തൊണ്ടയിലെ അർബുദബാധയുടെ ചികിത്സാർത്ഥം നടത്തിയ റേഡിയേഷനിലൂടെയാണ് രോഗിയുടെ അന്നനാളം ചുരുങ്ങിപ്പോകുന്ന അവസ്ഥയുണ്ടായത്. തുടർന്ന് കട്ടിയുള്ള ഭക്ഷണം കഴിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ഒടുവിൽ വെള്ളം പോലും കുടിക്കാൻ പറ്റാതെയായി. ഇതിന് പരിഹാരമായി വയറിൽ ദ്വാരമുണ്ടാക്കി നേരിട്ട് ആമാശയത്തിലേക്ക് ഭക്ഷണം നൽകി വരികയായിരുന്നു. രണ്ട് വർഷത്തിന് ശേഷമാണ് ഈ രോഗി കിംസ്ഹെൽത്തിൽ എത്തിയത്. വയറിനുള്ളിലൂടെയും വായിലൂടെയും എൻഡോസ്കോപി നടത്തിയാണ് ഈ ചികിത്സ നടത്തേണ്ടത്. അതീവ സൂഷ്മതയോടെ ചെയ്യേണ്ടതാണിതെന്ന് കിംസ്ഹെൽത്തിലെ ഗ്യാസ്ട്രോഎൻട്രോളജിസ്റ്റ് ഡോ. മധു ശശിധരൻ ചൂണ്ടിക്കാട്ടി. രണ്ട് മണിക്കൂറോളം നീണ്ട എൻഡോസ്കോപിയിലൂടെ അന്നനാളത്തിലെ ചുരുക്കം വികസിപ്പിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

രണ്ട് വർഷമായി കഴിക്കുന്ന ഭക്ഷണത്തിന്റെ രുചിയറിയാതെ ജീവിക്കുകയെന്നത് അതീവദുഷ്കരമായ അവസ്ഥയാണെന്നും ഡോക്ടർ ചൂണ്ടിക്കാട്ടി. രോഗിയുടെ ഈയവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താനായതാണ് ഏറ്റവുമധികം സന്തോഷത്തിന് വക നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ സാധാരണ രീതിയിൽ ഭക്ഷണം കഴിക്കാൻ രോഗിയ്ക്ക് സാധിക്കുന്നുണ്ട്. ഡോ. മധു ശശിധരനെ കൂടാതെ ഡോ. അജിത് കെ നായർ, ഡോ. ഹാരിഷ് കരീം, ഡോ. അരുൺ പി എന്നിവരും എൻഡോസ്കോപി ചികിത്സയ്ക്ക് നേതൃത്വം നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers,
TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.